**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **10-02-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ ഭാഗമായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. അപ്രോച്ച് റോഡ് നിർമ്മാണത്തിന് കാസറഗോഡ് വികസന പാക്കേജിൽ നിന്ന് ഫണ്ട് അനുവദിക്കുകയും പ്രവൃത്തി ഹാർബർ എഞ്ചിനിയറിങ് വകുപ്പിനെ ഏൽപ്പിക്കുകയും ചെയ്തു. ടെണ്ടർ നടപടിയും പൂർത്തീകരിച്ചിട്ടുണ്ട്. ഈ വ്യവസായ എസ്റ്റേറ്റിലെ ഭൂമി വ്യവസായ ആവശ്യത്തിന് പ്രയോജനപ്പെടുത്തുന്നതിനായി നിരപ്പാക്കി എടുക്കുന്നതിന് മെ. കേരള ക്ലെയ്സ് & സിറാമിക്സ് പ്രൊഡക്ട്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 31 സംരംഭങ്ങൾക്കായി 54.87 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാർക്ക് ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് ബാക്കിയുള്ളതെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് മേൽപ്പറഞ്ഞ പ്രവർത്തികൾ അന്തിമ ഘട്ടത്തിലേക്കെത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ